# ആമുഖം

ചങ്ങനാശ്ശേരി താലൂക്കിൽ കറുകച്ചാൽ പഞ്ചായത്തിൽ ഒമ്പതാം വാർഡിൽ സ്ഥിതിചെയ്യുന്ന ഒരു വിദ്യാലയമാണ് നെടുങ്ങാടപ്പള്ളി സി എം എസ് എൽ പി സ്കൂൾ. സാർവ്വർത്തിക വിദ്യാഭ്യാസം ലക്ഷ്യമാക്കി അവികസിതങ്ങളായി തുടരുന്ന പ്രദേശങ്ങളിൽ ആണ്ടുകൾക്ക് മുമ്പ് സുവിശേഷത്തിന്റെയും വിദ്യയുടെയും കൈത്തിരി തെളിയിക്കുവാൻ ആO ഗലേയ മിഷണറിമാർക്ക് സാധിച്ചതിന്റെ സാക്ഷാത്കാരമാണ് ഈ സ്ഥാപനം. ഇതിനെ പരിപോഷിപ്പിക്കുന്നതിനും പ്രോജ്ജ്വലിപ്പിക്കുന്നതിനും സിഎംഎസ് മാനേജ്മെന്റ് ശ്രമിച്ചിട്ടുണ്ട് എന്നാൽ ആധുനിക കാലഘട്ടത്തിന് അനുയോജ്യമായി തീരുവാൻ കഴിഞ്ഞിട്ടുണ്ട്.

സാംസ്കാരിക നവോത്ഥാനത്തിന് നാന്ദി കുറിച്ചുകൊണ്ട് നെടുങ്ങാടപ്പള്ളി എന്ന ഗ്രാമം ചരിത്രത്തിലെ ഏടുകളിലേക്ക് പിടിച്ചു കയറിയത് എന്തോ ദൈവനിയോഗം കൊണ്ട് മാത്രമായിരുന്നു.സുവർണ്ണ ലിപികളാൽ ആ ലേഖനം ചെയ്യപ്പെട്ട ആ സംഭവം ഒരു പ്രാഥമിക വിദ്യാലയത്തിന്റെ ഭാവമായിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇവിടെ നിവസിച്ചിരുന്ന ജനങ്ങൾ വിദ്യാഭ്യാസത്തിന്റെ പരമ പ്രാധാന്യത്തെ പറ്റി കുറെയൊക്കെ മനസ്സിലാക്കാനുള്ള ഹൃദയവിശാലത നേടിയവരായിരുന്നു. പക്ഷേ സാമ്പത്തിക അധപതനത്തിന്റെ അതിക്രൂരമായ പിടിയിൽ അമർന്നിരുന്ന കൃഷിവലന്മാരുടെ ഒരു ചെറിയ സമൂഹത്തിന് സ്വന്തം നിലനിൽപ്പിനെ പറ്റി അല്ലാതെ വേറൊന്നിനെ പറ്റിയും ചിന്തിക്കാൻ കഴിയുമായിരുന്നില്ല. എങ്കിൽപോലും തങ്ങൾ അന്യമായിരുന്ന സൗകര്യങ്ങൾ ഭാവി തലമുറയ്ക്ക് ഉണ്ടായിരിക്കണമെന്നുള്ള നിർബന്ധ ബുദ്ധിയും തീവ്രമായ അഭിലാഷവും ആയിരുന്നു അവരെ കരുത്തരാക്കിയത്.അന്നത്തെ ഗവൺമെന്റിന്റെ അനുകൂലമായ നിലപാടും സിഎംഎസ് മിഷനറിമാരുടെ സഹായസഹകരണങ്ങളും കൂടെയായപ്പോൾ അവരുടെ ഒരു സുന്ദര സ്വപ്നം പൂഴിക്കുന്നിന്റെ പവിത്രമായ നെറുകയിൽ സാക്ഷാത്കരിക്കപ്പെട്ടു.പള്ളിക്ക് സമാന്തരമായി ഉയർന്നുവന്ന ഓല കെട്ടിടം അറിവിന്റെ വെളിച്ചം വിതറുന്ന വിദ്യയുടെ വേറൊരു ദേവാലയമായിത്തീർന്നു. 1897-ൽ സ്കൂൾ സ്ഥാപിക്കപ്പെട്ടപ്പോൾ മാതൃഭാഷ അധ്യാപനത്തിന് മുൻതൂക്കം നൽകുന്ന ഒരു വെർണാകുളർ സ്കൂൾ ആയിരുന്നു. എല്ലാവരുടെയും മനസ്സിൽ പച്ച പിടിച്ചു നിന്നിരുന്നത്. എന്നാൽ പില്ക്കാലത്തു ഇംഗ്ലീഷിന്റെ പ്രാധാന്യവും പ്രാബല്യവും വ്യക്തമായി തെളിഞ്ഞു വന്നപ്പോൾ പഴയ

ധാരണകൾ തിരുത്തിക്കുറിച്ച തൽഫലമായി തുടർ വിദ്യാഭ്യാസത്തിനായി ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ 1918 -ൽ ഇവിടെ സ്ഥാപിതമാവുകയും ചെയ്തു.സ്ഥാപിതമായ ഈ വിദ്യാലയം അനേകർക്ക് അറിവിന്റെ ആദ്യ അക്ഷരം പകർന്നു കൊടുത്തു.

## വർത്തമാന സാഹചര്യങ്ങൾ

| വിഭാഗം | കുട്ടികളുടെ എണ്ണം | ക്ലാസ് മുറികളുടെ എണ്ണം | അധ്യാപകരുടെ എണ്ണം | സ്ഥിര അധ്യാപകരുടെ എണ്ണം |
|---|---|---|---|---|
| എൽ പി | 69 | 5 | 4 | 4 |

ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിലായി 69 കുട്ടികൾ പഠിക്കുന്നു. നാല് അധ്യാപകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. 4 സ്ഥിര അധ്യാപകർ പ്രവർത്തിക്കുന്നു. മാനേജ്മെന്റ് സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു പ്രീപ്രൈമറി വിഭാഗമുണ്ട്. സ്കൂൾ കെട്ടിടത്തിനോട് ചേർന്നുള്ള മുറിയിലാണ് പ്രീ പ്രൈമറി ക്ലാസ് പ്രവർത്തിക്കുന്നത്. പ്രീ പ്രൈമറി വിഭാഗത്തിൽ രണ്ട് അധ്യാപകർ സേവനം ചെയ്യുന്നു. 20025- 26 അധ്യായന വർഷം 16 കുട്ടികൾ പ്രൈമറി ക്ലാസിലുണ്ട്.

## സ്കൂൾ പശ്ചാത്തലം

കോട്ടയം ജില്ലയിൽ കറുകച്ചാൽ പഞ്ചായത്തിൽ ഒമ്പതാം വാർഡിൽ നെടുങ്ങാടപ്പള്ളി എന്ന പ്രദേശത്ത് സ്കൂൾ സ്ഥിതി ചെയ്യുന്നു. ഇത് ചങ്ങനാശ്ശേരി താലൂക്കിൽ ഉൾപ്പെട്ടതാണ്. കോട്ടയം കോഴഞ്ചേരി റോഡ് സ്കൂളിന്റെ സമീപത്ത് കൂടി കടന്നുപോകുന്നു. കറുകച്ചാലിൽ നിന്ന് നാല് കിലോമീറ്റർ തെക്ക് ഭാഗത്തായിട്ടാണ് സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശം.

സ്കൂൾ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ക്ലാസ് മുറികളും കമ്പ്യൂട്ടർ ലാബും പ്രവർത്തിക്കുന്നു. കുട്ടികളുടെ ശാരീരിക ചാലക ശേഷി വികസിപ്പിക്കുന്നതിനും കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ഉപകരണങ്ങൾ സ്കൂളിൽ സജ്ജീകരിച്ചിട്ടുണ്ട്. 2025- 26 അക്കാദമിക വർഷം പൂർവ്വ വിദ്യാർത്ഥികളുടെയും അഭ്യുദയകാംക്ഷികളുടെയും സഹായത്തോടെ സ്കൂൾ നവീകരിച്ചു.

കുട്ടികളുടെ ഐടി പഠനത്തിന് 6 കമ്പ്യൂട്ടറുകളും നാല് ലാപ്ടോപ്പുകളും രണ്ട് പ്രൊജക്ടറുകളും സ്കൂളിൽ സജ്ജീകരിച്ചിട്ടുണ്ട്. കുട്ടികളുടെ സർഗാത്മകശേഷി വികസനത്തിനായി കീബോർഡ് സ്കൂളിൽ ക്രമീകരിച്ചിട്ടുണ്ട്. സർക്കാരിന്റേയും അഭ്യുദയകാംക്ഷികളുടെയും സഹായത്തോടെ ഉച്ചഭക്ഷണ പദ്ധതി മികച്ച രീതിയിൽ കുട്ടികൾക്ക് നൽകിവരുന്നു.

**2025 26** അക്കാദമിക വർഷത്തിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | Total | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 6 | 9 | 11 | 4 | 7 | 12 | 12 | 8 | 36 | 33 |

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസുവരെ പഠിക്കുന്നവരിൽ 80 ശതമാനത്തിനു മുകളിൽ മികച്ച പഠന നിലവാരം പുലർത്തുന്നു. പഠന പിന്നോക്ക അവസ്ഥ ഉള്ള കുട്ടികൾക്ക് മികച്ച പഠന പിന്തുണ പ്രവർത്തനങ്ങൾ നൽകുന്നു. ഭിന്ന നിലവാരമുള്ള കുട്ടികൾക്ക് പ്രത്യേകം പരിഗണന നൽകുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും PTA യുടെ ശക്തമായ പിന്തുണയുണ്ട്.

## മൂല്യാധിഷ്ഠിത ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും മലയാളം ഭാഷാ ഫലപ്രദമായി കൈകാര്യം ചെയ്യാനുള്ള ശേഷി വികസിപ്പിക്കുക.
- ആശയ വിനിമയശേഷി നേടുക.
- സാഹിത്യ അഭിരുചി വളർത്തുക.
- കുട്ടി സാഹിത്യകാരന്മാരെ വളർത്തിയെടുക്കുക.
- ആശയവിഷ്കാരത്തിനുള്ള അവസരം നൽകുക.
- എല്ലാ കുട്ടികളെയും ഗണിതത്തിൽ ഉന്നത നിലവാരത്തിൽ എത്തിക്കുക.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തുക.
- ഗണിത പഠനത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

- യുക്തിചിന്ത, ഗണിത ചിന്ത, വിശകലനശേഷി എന്നിവ വളർത്തിയെടുക്കുക.
- ചതുഷ്ക്രിയകൾ മനസ്സിലാക്കുക.
- ശാസ്ത്ര അവബോധം കുട്ടികളിൽ വളർത്തിയെടുക്കുക.
- ശാസ്ത്രീയ രീതികൾ സ്വായത്തമാക്കുന്നതിനുള്ള അനുഭവം ഒരുക്കുക.
- കുട്ടിശാസ്ത്രജ്ഞന്മാരെ വളർത്തിയെടുക്കുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ പരിചയപ്പെടുക. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് ബോധവാന്മാരാക്കുക.
- കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.
- ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും സ്വന്തം ആശയങ്ങൾ വ്യത്യസ്ത രീതിയിൽ പ്രകടിപ്പിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.
- പഠനബോധന പ്രക്രിയയിലും അറിവ് നിർമ്മാണ പ്രക്രിയയിലും കമ്പ്യൂട്ടർ ഉൾച്ചേർന്നുള്ള വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുന്നു.
- നിർമ്മിതബുദ്ധി പ്രയോജനപ്പെടുത്തുക.
- ഓരോ വിഷയ മേഖലകളിലും വിവരസാങ്കേതിക സാധ്യത പ്രയോജനപ്പെടുത്തുക.
- കുട്ടികളുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന് അനുഗുണമായ പഠനപരിസരവും ഭൗതിക പശ്ചാത്തലവും വികസിപ്പിക്കുക.
- പാരിസ്ഥിതികാവബോധം,സാമൂഹികാവബോധം,മാലിന്യനിർമാർജനാവ ബോധം,ശാസ്ത്രാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രധാനം ചെയ്യുക.
- സമൂഹത്തിന്റെ സജീവ പങ്കാളിത്തം എല്ലാതലത്തിലും ഉറപ്പാക്കുക.
- പൊതുസമൂഹത്തെ വിദ്യാലയത്തിലേക്ക് ആകർഷിക്കുക.

## മാതൃഭാഷ

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും അർത്ഥപൂർണ്ണമായി വായിക്കുവാനും എഴുതുവാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ.
- കുട്ടികളിൽ മികച്ച വായനശേഷി വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.
- സാഹിത്യ അഭിരുചി വളർത്തുക.
- സർഗാത്മ രചനക്കുള്ള അവസരം നൽകുക.
- ആശയവിഷ്കാരത്തിനുള്ള അവസരം നൽകുക.

### പ്രവർത്തനങ്ങൾ

- അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ.
- അക്ഷരകാർഡ് പദകാർഡ് നിർമ്മാണം.
- വാക്യ നിർമ്മാണം.
- ചിത്രത്തിന് അടിക്കുറിപ്പ് തയ്യാറാക്കൽ.
- വായന മത്സരം, വായനക്കുറിപ്പ് മത്സരം.
- യാത്രാവിവരണം തയ്യാറാക്കൽ.
- പത്രവായന,പത്രവാർത്ത ബോർഡുകൾ.
- പതിപ്പുകൾ തയ്യാറാക്കൽ.
- വായന കൂട്ടം രൂപീകരിക്കൽ.
- ദിനാചരണങ്ങൾ ആചരിക്കൽ.
- കഥാവേള
- താളബോധം വളർത്തുന്ന പ്രവർത്തനങ്ങൾ ഏർപ്പെടുന്നു.( കീ ബോർഡ് വായന).
- ദൃശ്യാവിഷ്കാരം
- ഭാഷാ വികസനത്തിനായി സാങ്കേതിക വിദ്യാസാധ്യത പ്രയോജനപ്പെടുത്തുന്നു.
- സർഗ്ഗ വേള ടാലന്റ് ലാബ് എന്നിവ ശക്തിപ്പെടുത്തുക.

# English

- To speak, read and write english without any mistake.
- To check the vocabulary and right and skills of children.
- Develop the creative speaking and writing
- Set free reading and writing.
- Encourage the dictionary use.
- Provide opportunities for the picture reading.
- Encourage to see English movies
- Organize English Fest
- Enable children to communicate with confidence with the help of experts.

**Activities**

- Games
- News Reading
- Action song
- Story telling
- Hello English activities
- Conversations
- Skit
- Library book reading
- Book review
- Picture description
- Word Web activities
- Watching English movies

ഗണിതം

ലോവർ പ്രൈമറി തല വിദ്യാഭ്യാസത്തിലൂടെ കുട്ടികളിൽ ഗണിതത്തിലെ സംഖ്യാബോധവും അടിസ്ഥാന ഗണിതക്രിയകളും പൂർണമായും ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. ഗണിത പഠനത്തിൽ കുട്ടികൾക്ക് നേരിട്ട പഠന വിടവുകൾ തിരിച്ചറിഞ്ഞ് പരിഹരിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നതിന്

- ഗണിത പഠനം രസകരവും ആസ്വാദികരവും ആക്കുക.
- സംഖ്യാബോധം വളർത്തുക.
- ചതുഷ്ക്രിയകൾ ഉറപ്പിക്കൽ
- സംഖ്യാ വ്യാഖ്യാനം.
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
- സ്ഥാന വില ഉറപ്പിക്കൽ.
- ഗണിത പാട്ട്
- വില വിവര പട്ടിക തയ്യാറാക്കൽ.
- കലണ്ടർ പതിപ്പ് തയ്യാറാക്കൽ.
- കളിനോട്ടുകൾ അബാക്കസ് എന്നിവയുടെ സഹായത്തോടെ ക്രിയകൾ ചെയ്യൽ.
- രൂപങ്ങൾ നിർമ്മിക്കൽ.
- പഠനോപകരണ നിർമ്മാണം.
- ഒറിഗാമി ടാൻഗ്രാം ചാർട്ടുകൾ.
- ഭാരതീയ ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ.

## പരിസര പഠനം

ഒരു കുട്ടിയുടെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ വികാസമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ് താൻ ജീവിക്കുന്ന ചുറ്റുപാടിനെ തിരിച്ചറിഞ്ഞ് അതിനനുസരിച്ച് ദൈനംദിന

ജീവിതത്തിന് ആ ചുറ്റുപാടിനെ ഇണക്കി ജീവിക്കുവാൻ പ്രാപ്തനാക്കുന്നതാണ് പരിസര പഠനം.

## പ്രവർത്തനങ്ങൾ

- പരിസ്ഥിതി സൗഹാർദ മനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്ര അവബോധം കുട്ടികളിൽ വളർത്തിയെടുക്കുക.
- പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കൽ.
- കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.
- പഠനയാത്രകൾ
- ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
- പരീക്ഷണങ്ങൾ
- പരിസര നിരീക്ഷണം
- പൂന്തോട്ട നിർമ്മാണം
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക.

## കലാപഠനം

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാ അഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരം ഒരുക്കുക.

## പ്രവർത്തനങ്ങൾ

- ടാലന്റ് ലാബ്

- സർഗ്ഗ വേള
- വിദ്യാരംഗം
- ഗാന പരിശീലനം
- നൃത്ത പരിശീലനം
- അഭിനയ ഗാനം
- നാടൻ പാട്ടുകൾ
- പ്രസംഗം
- കഥ
- കൊറിയോഗ്രാഫി
- ദൃശ്യാവിഷ്കാരം
- കീബോർഡ് വായന
- കവിതാലാവനം
- രചന മത്സരങ്ങൾ

## ആരോഗ്യ കായിക വിദ്യാഭ്യാസം

- എല്ലാ കുട്ടികൾക്കും വ്യായാമം കളികൾ എന്നിവയിലൂടെ കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
- ശാസ്ത്രീയമായ ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം ഒരുക്കുക.

## സ്കൂളിനെ സമൂഹവുമായി ബന്ധപ്പെടുത്തൽ

ലക്ഷ്യം

- അക്കാദമിക വികസന രേഖയ്ക്ക് അനുസൃതമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന ഘട്ടത്തിൽ സമൂഹത്തിന്റെ സജീവ പങ്കാളിത്തം എല്ലാതലത്തിലും ഉറപ്പാക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റു പൊതുസ്ഥാപനങ്ങൾ എന്നിവയുമായുള്ള സ്കൂളിന്റെ ബന്ധം ശക്തിപ്പെടുത്തുക.
- പൊതുസമൂഹത്തെ സ്കൂളിലേക്ക് ആകർഷിക്കുക.
- പൂർവ വിദ്യാർത്ഥി സംഗമം.

പ്രവർത്തനങ്ങൾ

- പ്രവേശനോത്സവം
- പിടിഎ യോഗങ്ങൾ
- ക്ലാസ് പിടിഎ
- കോർണർ പിടിഎ യോഗങ്ങൾ
- ഗ്രന്ഥശാല സന്ദർശനം
- പൂർവ്വ വിദ്യാർത്ഥി സംഗമം
- ഓണാഘോഷം

## വാർഷിക പ്രവർത്തന പദ്ധതി

- പ്രവേശനോത്സവം
- I Q Man -Class
- Bulbul
- പിടിഎ യോഗങ്ങൾ
- എസ് ആർ ജി യോഗങ്ങൾ
- ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തലും ആസൂത്രണവും
- കലോത്സവം
- പ്രവർത്തിപരിചയമേള

- സ്പോർട്സ് ഡേ
- മാർച്ച് പാസ്റ്റ് പരിശീലനം
- സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്
- ഹിന്ദി ക്ലാസ്
- ഓണാഘോഷം
- ആരോഗ്യമേഖലയിലെ വിദഗ്ധരുടെ ക്ലാസ്
- ദിനാചരണങ്ങൾ
- സംയുക്ത ഡയറി
- സചിത്ര ഡയറി
- പഠനയാത്ര
- വിദ്യാരംഗം
- പത്രവായന
- English Fest

---

**ഹ്രസ്വകാലം**

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പത്രവായന | ദൈനം ദിന വാർത്തകൾ അറിയുക<br>വായനാശീലം വളർത്തുക | 4 മാസം | കുട്ടികൾ | |
| ക്ലാസ് റൂം ഗണിത കിറ്റ് | ഗണിതാശയങ്ങൾ ലളിതമായി മനസിലാക്കാൻ ഉപയോഗിക്കുന്ന വിവിധ തരം വസ്തുക്കളും സാമഗ്രികളും തിരിച്ചറിയുന്നതിന്. | 6 മാസം | അധ്യാപകർ, കുട്ടികൾ | സ്കൂൾ |
| ലൈബ്രറി പുസ്തകങ്ങൾ ശേഖരണവും പ്രദർശനവും | വായന പ്രോത്സാഹിപ്പിക്കിന്നതിനു<br>കവികളെയും എഴുത്തുകാരെയും പരിചയപെടുന്നതിന് | | | |
| പതിപ്പുകൾ | ദിനാചരണങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു | | | |
| ശുചിത്വ ബോധവത്കരണ പരിപാടി | വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയെ കുറിച്ച് അവബോധം നേടുന്നു | | | |

**മധ്യകാലം**

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Dictionary പരിചയപ്പെടൽ | Dictionary അനായാസം കൈകാര്യം ചെയ്യാനുള്ള ശേഷി, പദസമ്പത്ത് വർധിപ്പിക്കൽ | ഒരു വർഷം | അധ്യാപകർ, രക്ഷിതാക്കൾ | |
| പ്രകൃതി പഠന യാത്രകൾ | | | | |
| ക്യാമ്പസിനെ ഹരിതാഭമാക്കൽ | | | | |
| ജൈവ കൃഷി തോട്ടം | | | | |

**ദീർഘകാലം**

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് റൂം ടൈൽ ഇട്ട് മനോഹരമാക്കൽ | സ്കൂളിന്റെ ഭൗതീക സൗകര്യം മെച്ചപെടുത്തുന്നതിനു ക്ലാസ്സ് മുറികൾ ടൈൽ ഇടുന്നു | 2 വർഷം | പിടിഎ . മാനേജ്മെന്റ് | പൂർവ വിദ്യാർത്ഥികൾ മാനേജ്മെന്റ് |
| വിദ്യാലയത്തിൽ ഗ്രീൻ പോട്ടോക്കോൾ പരിപാലിക്കുക | പൂർണമായും ഹരിത ചട്ടങ്ങൾ പാലിക്കുന്ന വിദ്യാലയം സൃഷ്ടിക്കുക | 2 വർഷം | പിടിഎ . മാനേജ്മെന്റ് | അധ്യാപകർ, മാനേജ്മെന്റ് |
| വിദ്യാലയ കെട്ടിടത്തിന്റെ ചുമരുകൾ പഠന മൂല്യമുള്ളതാക്കി മാറ്റൽ | വിദ്യാലയത്തിന്റെ അകം ചുമരുകൾ ചിത്രം വരച്ച് ഭംഗിയാക്കുന്നു. | 2 വർഷം | പിടിഎ . മാനേജ്മെന്റ്, അധ്യാപകർ, | പി.ടി.എ പൊതു സമൂഹം |
| കുട്ടികളുടെ പാർക്ക് | പുതിയ കുട്ടികളെ ആകർഷിക്കുന്നതിനായി കുട്ടികളുടെ പാർക്ക് സജ്ജമാക്കുക | 3 വർഷം | പി.ടി.എ മാനേജ്മെന്റ് | പി.ടി.എ പൊതു സമൂഹം |

## ഉപസംഹാരം

കുട്ടി ആരോഗ്യത്തോടെ വളരുക, നല്ല നിലയിൽ പഠിക്കുക, മികവാർന്ന വ്യക്തിയായും സാമൂഹിക ജീവിയായും വികസിക്കുക എന്നത് ഏത് രക്ഷിതാവിന്റെയും ആഗ്രഹവും ലക്ഷ്യവുമാണ്. വീട്ടിലും സ്കൂളിലും ആയി ലഭിക്കുന്ന അനുഭവങ്ങളും പരിഗണനകളും ഓരോ കുട്ടിയുടെയും വ്യത്യസ്തമാണ്. ഈ വ്യത്യസ്തതകൾ പരമാവധി പരിഗണിച്ച ഓരോ കുട്ടിക്കും പഠനത്തിലൂടെ മികവാർന്ന രീതിയിൽ വളരാനും വികസിക്കാനും ഉള്ള അവസരം ഒരുക്കപ്പെടണം. പൊതുവിദ്യാലയങ്ങൾ അതിനുതകും വിധം മികവിന്റെ കേന്ദ്രങ്ങളായി മാറ്റപ്പെടണം. അവയുടെ നഷ്ടപ്രതാപങ്ങൾ തിരിച്ചുപിടിക്കാനുള്ള പ്രവർത്തന പദ്ധതികളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ആവിഷ്കരിക്കപ്പെടുന്നത്. സാമൂഹിക പങ്കാളിത്തത്തോടെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അധ്യാപക രക്ഷകർത്ത സമിതികൾ, പൂർവ വിദ്യാർത്ഥികൾ,തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ തുടങ്ങി പൊതുസമൂഹത്തിന്റെ എല്ലാ പിന്തുണയും ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് നേടേണ്ടിയിരിക്കുന്നു. 'അക്കാദമിക മികവിലൂടെ വിദ്യാലയ മികവ്'എന്ന മുദ്രാവാക്യം മുൻനിർത്തിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കപ്പെട്ടിരിക്കുന്നത്. മികവുറ്റ അക്കാദമിക പദ്ധതികൾ ഇതിലൂടെ രൂപീകരിക്കപ്പെട്ടിരിക്കുന്നു. പഠനത്തിനും വികസനത്തിനും തുല്യ അവസരവും ഉയർന്ന തലത്തിലേക്ക് തനതായ കഴിവുകൾ ഉപയോഗിച്ച് പരന്നുയരാനുള്ള സാഹചര്യങ്ങളും ഇതിലൂടെ കുട്ടികൾക്ക് ഒരുക്കപ്പെട്ടിരിക്കുന്നു.